കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2014-15 വാർഷിക പദ്ധതി - റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയത് - സാധൂകരണം നൽകി ഉത്തരവാകുന്നു.

==========================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ). 1832/15/തസ്വഭവ തിരുവനന്തപുരം, തീയതി, 19.06.2015

==========================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 15.10.2014 തീയതിയിലെ 14010/ഡിപി5/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കോട്ടയം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന യുനാനി ഡിസ്പെൻസറിക്ക് 2011-12 മുതൽ 2013-14 വരെ ബ്ലോക്ക് പഞ്ചായത്തിന്റെ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും മരുന്നു വാങ്ങുന്നതിനായി കോട്ടയം ഗ്രാമപഞ്ചായത്തിന് അധിക വിഹിതം നൽകിയിട്ടുള്ളത്, പദ്ധതിക്ക് പ്രത്യേകാനുമതി ഇല്ലാത്തതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് പദ്ധതി തടസ്സപ്പെടുത്തിയിട്ടുള്ളതായി ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം അറിയിച്ചിരുന്നു. മേലിൽ ഇത്തരം പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏറ്റെടുക്കാൻ പാടില്ലായെന്ന നിർദ്ദേശത്തോടെ 2011-12 മുതൽ 2013-14 വരെ ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാമെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കോട്ടയം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന യുനാനി ഡിസ്പെൻസറിക്ക് 2011-12 മുതൽ 2013-14 വരെ ബ്ലോക്ക് പഞ്ചായത്തിന്റെ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും മരുന്നു വാങ്ങുന്നതിനായി കോട്ടയം ഗ്രാമപഞ്ചായത്തിന് അധിക വിഹിതം നൽകിയിട്ടുള്ളത് മേലിൽ ഇത്തരം പദ്ധതികൾ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഏറ്റെടുക്കാൻ പാടില്ലായെന്ന നിർദ്ദേശത്തോടെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2011-12 മുതൽ 2013-14 വരെ ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജെ.സെൽവരാജ്
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, കൂത്തുപറമ്പ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ